<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5814</u> <u>16-03-2023 - ൽ മറുപടിയ്ക്ക്</u>

## വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ മെഡിക്കൽ കമ്മീഷന്റെ പുതിയ നിർദ്ദേശപ്രകാരം വിദേശത്ത് പഠിച്ച മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിലേയ്ക്ക് പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ സർക്കാർ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് ഇന്റേൺഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 08.02.2023-ലെ G.O(Rt)No.305/2023/H&FWD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ FMG വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനായി ഡി.എം.ഇ അപേക്ഷ ക്ഷണിക്കുകയും തുടർന്ന് നടത്തിയ Centralized Counselling Process-ന്റെയും Mop Up Counselling-ന്റെയും അടിസ്ഥാനത്തിൽ 305 FMG വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ നൽകിയിട്ടുമുണ്ട്. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ് അലോട്ട്മെന്റ് മെമ്മോ അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ